# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 21

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. ഏകജാലക പ്രവേശനം:
## ഓൺലൈൻ രജിസ്ട്രേഷൻ തീയതി നീട്ടി

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാനുള്ള തീയതി നീട്ടി. മെയ് 29ന് വൈകീട്ട് അഞ്ചുവരെ cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP 2019 എന്ന ലിങ്കിൽ പ്രവേശിച്ച് ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും പട്ടിക ജാതി/പട്ടിക വർഗ /സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ് ഇ ബി സി)/ മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ (ഇ ബി എഫ് സി) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്മെന്റ് ജൂൺ ആറിന് നടത്തും. ഒന്നാം വർഷ പി.ജി. ക്ലാസുകൾ ജൂൺ 17ന് ആരംഭിക്കും.

കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വോട്ട, ഭിന്നശേഷി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലകത്തിലൂടെ അപേക്ഷിക്കണം. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർ ഏകജാലകത്തിലൂടെ അപേക്ഷിച്ചശേഷം പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ നേരിട്ട് നൽകണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടാകളിലേക്ക് പ്രവേശനം നേടാനാവില്ല.

ഭിന്നശേഷി/സ്പോട്സ്/കൾച്ചറൽ ക്വോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് മെയ് 24നകം ഓൺലൈനായി അപേക്ഷിക്കണം.

സ്പോട്സ്/കൾച്ചറൽ/ഭിന്നശേഷി സംവരണ സീറ്റുകളിലേക്കും മാനേജ്മന്റ്/കമ്മ്യൂണിറ്റി ക്വോട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഇമെയിൽ വിലാസം: pgcap@mgu.ac.in.

(പി.ആർ.ഒ./39/891/2019)

## പരീക്ഷ തീയതി

നാലാം വർഷ ബി.ഫാം (2015 അഡ്മിഷൻ റഗുലർ/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ് - സ്പെഷൽ മേഴ്സി ചാൻസ് 2018 - അദാലത്ത്) പരീക്ഷകൾ ജൂൺ 12ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 500 രൂപ പിഴയോടെ 25 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/892/2019)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം.- 9 പി.എം. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 14ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 500 രൂപ പിഴയോടെ 25 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം.

റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/893/2019)

രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി (2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജൂൺ 17ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/894/2019)

നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി/ലേണിംഗ് ഡിസെബിലിറ്റി (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജൂൺ ഏഴിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 500 രൂപ പിഴയോടെ 25 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ 200 രൂപ സി.വി. ക്യാമ്പ് ഫീസായും 125 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായും പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/895/2019)

നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ റഗുലർ/2016, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും സപ്ലിമെന്ററി പരീക്ഷയെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/896/2019)

നാലാം സെമസ്റ്റർ ബി.പി.എഡ്. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മെയ് 31ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 500 രൂപ പിഴയോടെ 25 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/897/2019)

ഒന്നാം സെമസ്റ്റർ എം.എ. സിറിയക് (2018 അഡ്മിഷൻ) പരീക്ഷകൾ മെയ് 30ന് ആരംഭിക്കും.

(പി.ആർ.ഒ./39/898/2019)

## എം.ബി.എ. പ്രവേശനം; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ എം.ബി.എ. പ്രവേശനത്തിനായുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/899/2019)

## ബി.എ. എൽ.എൽ.ബി. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2018 ഒക്ടോബറിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ മെയ് 23, 24 തീയതികളിൽ അസൽ തിരിച്ചറിയൽ രേഖയുമായി സർവകലാശാലയിലെ ഇ.ജെ. 3 സെക്ഷനിൽ ഹാജരാകണം.

(പി.ആർ.ഒ./39/900/2019)

## പരീക്ഷഫലം

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് - 2017 അഡ്മിഷൻ റഗുലർ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/901/2019)

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ് പഠനം - 2017 അഡ്മിഷൻ റഗുലർ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/902/2019)

## യു.ജി.സി.-സി.എസ്.ഐ.ആർ. നെറ്റ്

## ദ്വിദിന ശില്പശാല ജൂൺ ഒന്നു മുതൽ

ഡിപ്പാർട്ട്മെന്റ്സ് ഓഫ് സ്റ്റുഡന്റ്സ് യൂണിയനും എ.കെ.എസ്.ആർ.എ.യും സംയുക്തമായി യു.ജി.സി.-സി.എസ്.ഐ.ആർ. നെറ്റ് (ജനറൽ ആപ്റ്റിറ്റിയൂഡ്) പരീക്ഷയോടനുബന്ധിച്ച് ദ്വിദിന ശില്പശാല നടത്തുന്നു. ജൂൺ ഒന്ന്, രണ്ട് തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയം, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയം എന്നിവിടങ്ങളിലാണ് ശില്പശാല നടക്കുന്നത്. വിശദവിവരത്തിന് ഫോൺ: 9633730967, 9645608906.

(പി.ആർ.ഒ./39/903/2019)

## സിവിൽ സർവീസ് മെയിൻസ് ക്ലാസുകൾ ജൂൺ അഞ്ചു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ മെയിൻസിന്റെ ക്ലാസ്സുകൾ ജൂൺ അഞ്ചിന് ആരംഭിക്കും ജ്യോഗ്രഫി, പൊളിറ്റിക്കൽ സയൻസ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, ഇക്കണോമിക്സ്, സോഷ്യോളജി, മലയാളം, ഹിസ്റ്ററി, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ. താല്പര്യമുള്ളവർ മെയ് 27 ന് മുമ്പായി പേരും വിദ്യാഭ്യാസ യോഗ്യതയുമടങ്ങുന്ന അപേക്ഷ mgucivilservice@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 8129355732, 9496114094.

(പി.ആർ.ഒ./39/904/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ